പത്രക്കുറിപ്പ്
24-3-2017

നൈപുണ്യ പരിശീലനത്തിന്
ദേശീയ നിലവാരമുള്ള പരിശീലന ഏജൻസികൾ:

# കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ശിൽപശാല സംഘടിപ്പിച്ചു

തിരുവനന്തപുരം: കുടുംബശ്രീ മുഖേന നടപ്പ ാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിനു കീഴിലുള്ള നൈപുണ്യ പരിശീലന പരിപാടിയുടെ ഭാഗമായി വിവിധ വ്യാവസായിക സെക്ടർ സ്കിൽ കൗൺസിലുകളുടെ പങ്കാളിത്തത്തോടെ ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

ദേശീയ നിലവാരമുള്ള പരിശീലന ഏജൻസികളെ കൊണ്ടുവരുന്നതിനും അതോടൊപ്പം സംസ്ഥാനത്തു പ്രവർത്തിക്കുന്ന പരിശീലന ഏജൻസികളെ വ്യാവസായിക സെക്ടർ സ്കിൽ കൗൺസിലുകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്. പാഠ്യപരിശീലനോപാധികൾ വികസിപ്പിക്കുന്നതിന് വിദഗ്ധ ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നതു സംബന്ധിച്ചും ശിൽപശാലയിൽ തീരുമാനമായിട്ടുണ്ട്.

പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ നിലവിലെ തൊഴിൽവൈദഗ്ധ്യത്തിനനുസൃതമായി ഹ്രസ്വകാല പരിശീലനത്തിനു ശേഷം ദേശീയ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതു സംബന്ധിച്ചും ശിൽപശാലയിൽ ചർച്ച ചെയ്തു.

കുടുംബശ്രീ എകസിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, അർബൻ പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ്, എൻ.യു.എൽ.എം സ്റ്റേറ്റ് മിഷൻ മാനേജർമാരായ രാജേഷ് കുമാർ.പി, ജെയ്സൺ ടി.ജെ, സുധീർ കെ.വി എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകി. വിവിധ സെക്ടർ സ്കിൽ കൗൺസിലുകളുടെ ഇരുപതോളം പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ-സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ**